(ബി) കാട്ടാക്കടയിൽ സ്ട്രോംഗ് റൂം, കൗണ്ടർ മുതലായ സൗകര്യങ്ങളോടുകൂടിയതും ജില്ലാ ട്രഷറിയിലെ ജീവനക്കാർക്ക് ഇരുന്ന് ജോലി ചെയ്യത്തക്കവണ്ണമുള്ള സ്ഥലസൗകര്യത്തോടുകൂടിയതുമായ സർക്കാർ വക കെട്ടിടം ഉണ്ട്. എന്നാൽ ഇത്രമാത്രം സൗകര്യപ്രദമായ ഒരു കെട്ടിടം നെയ്യാറ്റിൻകര ടൗണിൽ ലഭ്യമല്ല. ഈ കാരണങ്ങളാലാണ് അഡീഷണൽ ജില്ലാ ട്രഷറിയുടെ ആസ്ഥാനം കാട്ടാക്കടയായിത്തന്നെ തീരുമാനിച്ചത്.

(സി) നെയ്യാറ്റിൻകര ടൗണിലേക്ക് അഡീഷണൽ ജില്ലാ ട്രഷറിയുടെ ആസ്ഥാനം മാറ്റി സ്ഥാപിക്കുവാൻ മേൽപറഞ്ഞ കാരണങ്ങളാൽ സാദ്ധ്യമാവുകയില്ല.

പുതിയ ട്രഷറികൾ തുടങ്ങാനുള്ള മാനദണ്ഡം

148 [213] ശ്രീ. കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി ട്രഷറി തുടങ്ങാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്?

ഉത്തരം

പൊതുജനങ്ങളുടെ സൗകര്യം, നിലവിലുള്ള സബ് ട്രഷറികളിൽനിന്നും ഉള്ള ദൂരം, അദ്ധ്വാനഭാരം, ഡ്രായിംഗ് ഓഫീസേഴ്സിന്റെ എണ്ണം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നും ഉള്ള സാമ്പത്തിക സഹകരണം.

സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് കെട്ടിടനിർമ്മാണവായ്പ

149 [214] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലവർദ്ധനവ് കണക്കിലെടുത്ത് വീടുവയ്ക്കാൻ സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഇപ്പോൾ നൽകിവരുന്ന തുക മുപ്പതിനായിരത്തിൽനിന്നും അൻപതിനായിരമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഭവനനിർമ്മാണവായ്പക്കുള്ള അപേക്ഷകരുടെ ബാഹുല്യവും ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തതയും മൂലം ഈ ഇനത്തിൽ ഇപ്പോൾ നൽകിവരുന്ന വായ്പതുക വർദ്ധിപ്പിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിർബന്ധിതനിക്ഷേപ സംഖ്യ

150 [215] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിർബന്ധിതനിക്ഷേപ സംഖ്യ തിരിച്ചുകൊടുത്തിട്ടില്ല എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly